



# കരുത്ത് തെളിയിച്ച സോളിഡാരിറ്റി കാസർകോട് ജില്ലാ സമ്മേളനം

**കാസർകോട്:** നീതിക്കും നിലനിൽപിനുമുള്ള സമരസാക്ഷ്യമായി തുളുനാടൻ നഗരത്തിൽ ആയിരങ്ങൾ അണിചേർന്നപ്പോൾ അത് കാലം തേടുന്ന പുതിയൊരു യുവജന മുന്നേറ്റത്തിന്റെ വിളംബരമായി. അച്ചടക്കവും കരുത്തും ഗാംഭീര്യവും നിറഞ്ഞതായിരുന്നു സോളിഡാരിറ്റി കാസർകോട് ജില്ലാ സമ്മേളനത്തിന്റെ ഭാഗമായി നടത്തിയ യുവജന റാലി. മൂന്നരവർഷം പ്രായമുള്ള സോളിഡാരിറ്റിയുടെ പ്രഥമ ജില്ലാ സമ്മേളനത്തിലൂടെ ജില്ലയിലും സോളിഡാരിറ്റി അനിഷേധ്യ ശക്തിയാണെന്ന് തെളിയിച്ചു. മൂന്ന് വരിയായി പ്രത്യേക ബ്ലോക്കുകളായാണ് പ്രകടനം മുന്നോട്ടു നീങ്ങിയത്. സാമ്രാജ്യത്വത്തിനും വർഗീയതക്കും തീവ്രവാദത്തിനുമെതിരെ ശക്തമായ പ്രതിഷേധവും പോരാട്ട ആഹ്വാനവുമായി യുവജനറാലി.

കുമ്പള ഗവ. ഹയർസെക്കന്ററി പരിസരം കേന്ദ്രീകരിച്ച് തുടങ്ങിയ പ്രകടനം നഗരത്തെ വലംവെച്ച് സമ്മേളന നഗരിയിൽ സമാപിച്ചു. ജില്ലാ പ്രസിഡന്റ് കെ.കെ ഇസ്മാഈൽ, സമ്മേളന ജനറൽ കൺവീനർ ശഫീഖ് നസ്റുല്ല, എം.കെ.എ ജലീൽ, ടി.കെ അശ്റഫ്, എം. അലി, പി.എ വാഹിദ്, കെ.പി ഖലീലുർറഹ്മാൻ, മുഹമ്മദ് കമാൽ, അബ്ദുൽ വാരിസ്, വി.കെ മുഹമ്മദ് ബശീർ, ലിയാഖത്ത്, ശംസുദ്ദീൻ, പി.കെ അബ്ദുല്ലകുഞ്ഞി എന്നിവർ പ്രകടനത്തിന് നേതൃത്വം നൽകി.

പൊതുസമ്മേളനം ജമാഅത്തെ ഇസ്‌ലാമി കേരള അമീർ ടി. ആരിഫലി ഉദ്ഘാടനം ചെയ്തു. കേരളീയ സമൂഹത്തിന് പ്രതീക്ഷയർപ്പിക്കാവുന്ന വിപ്ലവ യുവജന പ്രസ്ഥാനം സോളിഡാരിറ്റി മാത്രമാണെന്ന് അദ്ദേഹം പറഞ്ഞു. ഇതര യുവജന സംഘടനകൾ നിഷ്ക്രിയരും നിസ്സംഗരുമാണ്. ഇനിയൊരു ചുവന്ന പ്രഭാതം പുലരാനില്ലെന്ന് കമ്യൂണിസ്റ്റ് യുവജന സംഘടനകൾ തിരിച്ചറിഞ്ഞുകഴിഞ്ഞു. ചുവപ്പ് സ്വപ്നങ്ങൾ ഉദിച്ചേടത്തുതന്നെ അസ്തമിച്ചു. സംഘട്ടനം ശൈലിയായി സ്വീകരിച്ച് രംഗത്തുവരുന്ന യുവജന സംഘടനകൾക്ക് ഏറെക്കാലം മുന്നോട്ട് പോകാനാവില്ല. കേരളത്തിന്റെ മണ്ണ് അതിന് പറ്റിയതല്ലെന്ന് അമീർ പറഞ്ഞു.

പ്രമുഖ ഡോക്യുമെന്ററി സംവിധായകനും ആക്ടിവിസ്റ്റുമായ സുഭ്രദീപ് ചക്രവർത്തി മുഖ്യാതിഥിയായിരുന്നു. മൂന്നാംലോക രാജ്യങ്ങളെ സൈനികമായും സാമ്പത്തികമായും സാംസ്കാരികമായും നശിപ്പിക്കുന്ന അമേരിക്കൻ സാമ്രാജ്യത്വത്തിനെതിരെയും രാജ്യത്തെ പിന്നാക്ക വിഭാഗങ്ങളെ ചൂഷണം ചെയ്യുന്ന വർഗീയ ശക്തികൾക്കെതിരെയും എല്ലാ വിഭാഗങ്ങളും ഐക്യപ്പെടണമെന്ന് അദ്ദേഹം പറഞ്ഞു.

പശ്ചിമേഷ്യൻ രാജ്യങ്ങളെ സൈനികമായി നശിപ്പിച്ച അമേരിക്ക മൂന്നാം ലോക രാജ്യങ്ങളെ സാമ്പത്തികാധിനിവേശം നടത്തിയും സാംസ്കാരികമായി മലീമസപ്പെടുത്തിയും മുന്നോട്ടു പോവുകയാണ്. ഇന്ത്യയിലെ വർഗീയ ശക്തികളും സാമ്രാജ്യത്വത്തിന്റെ ഉപോൽപന്നമാണ്. മതത്തെ ദുരുപയോഗം ചെയ്ത് പിന്നാക്കക്കാരെയും ആദിവാസികളെയും തങ്ങളോടൊപ്പം നിർത്താൻ ശ്രമിക്കുന്ന ആർ.എസ്.എസിന്റെ കുതന്ത്രം തിരിച്ചറിയപ്പെടേണ്ടതുണ്ട്. മുസ്‌ലിംകളും ആദിവാസികളും പിന്നാക്ക വിഭാഗങ്ങളും ഒരുമിച്ചുനിന്ന് പൊരുതിയാൽ മാത്രമേ വർഗീയതയെ തടയാനാവൂ എന്ന് സുഭ്രദീപ് ചക്രവർത്തി പറഞ്ഞു. സോളിഡാരിറ്റി സംസ്ഥാന പബ്ലിക് റിലേഷൻ സെക്രട്ടറി എം. സാജിദ് പ്രസംഗം പരിഭാഷപ്പെടുത്തി.

സോളിഡാരിറ്റി സംസ്ഥാന പ്രസിഡന്റ് അബ്ദുൽ ഹമീദ് വാണിയമ്പലം അധ്യക്ഷത വഹിച്ചു. ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് സോളിഡാരിറ്റി സംസ്ഥാന ഘടകം സ്വന്തമായി ചില പുനരധിവാസ പദ്ധതികളെക്കുറിച്ച് ആലോചിക്കുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു. സോളിഡാരിറ്റി സംസ്ഥാന ജനറൽ സെക്രട്ടറി പി. മുജീബുർറഹ്മാൻ, സംസ്ഥാന സെക്രട്ടറി കെ.എ ശഫീഖ് എന്നിവർ പ്രസംഗിച്ചു. ജില്ലാ പ്രസിഡന്റ് കെ.കെ ഇസ്മാഈൽ സ്വാഗതവും സമ്മേളന ജനറൽ കൺവീനർ ശഫീഖ് നസ്റുല്ല നന്ദിയും പറഞ്ഞു.

രാവിലെ നടന്ന പ്രതിനിധി സമ്മേളനം ഐ.പി.എച്ച് ഡയറക്ടർ ശൈഖ് മുഹമ്മദ് കാരകുന്ന് ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് കെ.കെ ഇസ്മാഈൽ അധ്യക്ഷത വഹിച്ചു. 'വർഗീയത, ഭീകരത, പ്രതിരോധം' എന്ന വിഷയത്തിൽ *മാധ്യമം* എഡിറ്റർ ഒ. അബ്ദുർറഹ്മാൻ പ്രസംഗിച്ചു. ഐക്യരാഷ്ട്രസഭ ഉൾപ്പെടെയുള്ള വേദികളിൽ നിരന്തരം ചർച്ച ചെയ്തിട്ടും ഭീകരത എന്താണെന്ന് ഇനിയും വ്യക്തമായി നിർവചിക്കാനായിട്ടില്ലെന്ന് അദ്ദേഹം പറഞ്ഞു. ഭീകരതയുടെ പേരിൽ നടക്കുന്ന ചർച്ച ഏക പക്ഷീയമാണ്. ബോസ്നിയയിൽ ലക്ഷങ്ങളെ കൊന്നൊടുക്കിയ സെർബിയൻ ക്രൂരതയും ഗുജറാത്തിലെ വംശഹത്യയും ശ്രീലങ്കയിലെ പ്രശ്നങ്ങളും ഭീകരതയായി കാണാത്തവർ ചെറിയ സംഭവങ്ങളെപോലും ഇസ്‌ലാമിക ഭീകരതയെന്ന് ബോധപൂർവം മുദ്രകുത്തുന്നു. മനുഷ്യാവകാശങ്ങൾ ലംഘിച്ച് അധികാരം നിലനിർത്താൻ ശ്രമിക്കുന്ന ഭരണകൂടങ്ങളാണ് ഭീകരതയെ പ്രോത്സാഹിപ്പിക്കുന്നത്. മാനവികമായ ജനകീയ പ്രക്ഷോഭത്തിലൂടെ മാത്രമേ ഭരണകൂട ഭീകരതയെ തോൽപിക്കാൻ കഴിയൂ - അദ്ദേഹം പറഞ്ഞു.

'വികസനത്തിന്റെ മാനവികത' എന്ന വിഷയത്തിൽ പ്രമുഖ പരിസ്ഥിതി പ്രവർത്തകൻ സി.ആർ നീലകണ്ഠൻ പ്രസംഗിച്ചു. വിതരണത്തിലെ നീതി ഇല്ലാതാക്കുകയും എല്ലാം കമ്പോളത്തിന് വിട്ടുകൊടുക്കുകയും ചെയ്യുന്നതാണ് ആധുനിക വികസനത്തിന്റെ രീതി. വികസനത്തിന്റെ പേരിൽ പ്രകൃതി വിഭവങ്ങൾ ഇല്ലാതാകുമ്പോൾ പാർശ്വവൽക്കരിക്കപ്പെടുന്നവരുടെ എണ്ണം കൂടിവരികയാണ്. മൂലധന ശക്തിക്കെതിരായ പോരാട്ടത്തിൽ ഗാന്ധിജിയാണ് ഉദാത്ത മാതൃക - അദ്ദേഹം പറഞ്ഞു.

'സാമൂഹിക ഇടപെടലുകളുടെ ആദർശാടിത്തറ' എന്ന വിഷയത്തിൽ സോളിഡാരിറ്റി സംസ്ഥാന സമിതിയംഗം മുഹമ്മദ് ശമീം പ്രസംഗിച്ചു. മുതലാളിത്തം സംസ്കാരത്തെ കച്ചവടവൽക്കരിക്കുമ്പോൾ ഇസ്‌ലാം കച്ചവടത്തെയും സംസ്കാരമുള്ളതാക്കി മാറ്റുകയാണെന്ന് അദ്ദേഹം പറഞ്ഞു.

'സേവനം, പോരാട്ടം - നമ്മുടെ പ്രചോദനം' എന്ന വിഷയത്തിൽ സോളിഡാരിറ്റി മലപ്പുറം ഈസ്റ്റ് ജില്ലാ പ്രസിഡന്റ് സലീം മമ്പാട് പ്രസംഗിച്ചു. ജമാഅത്തെ ഇസ്‌ലാമി ജില്ലാ പ്രസിഡന്റ് പി.കെ അബൂബക്കർ നദ്‌വി സമാപന പ്രസംഗം നടത്തി. ജനറൽ കൺവീനർ ശഫീഖ് നസ്റുല്ല സ്വാഗതം പറഞ്ഞു.